# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2935  07.11.2019 -ൽ മറുപടിക്ക്**

## <u>പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം</u>

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.എം.കെ.മുനീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് പൂർത്തീകരിച്ച റോഡുകളുടെ ദൈർഘ്യം എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക് ഉപയോഗിച്ച് ഏകദേശം 300 കി.മീ. റോഡ് ടാറിംഗ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് ഉപയോഗിച്ച് കൂടുതൽ റോഡുകൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി.ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളം എങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്ലാസ്റ്റിക് നിർമ്മിത റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പിലെ നിരത്തു വിഭാഗത്തിനു കീഴിൽ നിന്നും പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ NATPAC, CRRI തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ പ്രകാരം പ്ലാസ്റ്റിക് റോഡ് കൂടുതൽ കാലം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**